**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 166** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>മെഡിക്കൽ കോളേജ് ആശുപത്രികളിലെ രോഗീ സന്ദർശനത്തിനുള്ള ക്രമീകരണങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ വാർഡുകളിൽ അഡ്മിറ്റ് ചെയ്ത രോഗികളെ കാണുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വാർഡുകളിൽ അഡ്മിറ്റായിരിക്കുന്ന രോഗികളെ കാണുന്നതിന് നിലവിൽ ഉച്ചയ്ക്ക് 12 മണി മുതൽ 4 മണി വരെ 5/- രൂപ പാസ്സ് നൽകിയും, വൈകിട്ട് 4 മണി മുതൽ 6 മണി വരെ ഫ്രീ പ്രവേശനവുമാണ് അനുവദിച്ചിട്ടുള്ളത്. പകൽ 12 മണി വരെ ഡോക്ടർമാരുടെ വാർഡ് പരിശോധന ആയതിനാൽ രോഗി സന്ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**(ബി)** രോഗികളെ നേരിട്ടുകണ്ട് രോഗ വിവരങ്ങൾ അറിയാൻ കോവിഡിന് മുമ്പ് അനുവദിച്ചിരുന്നതുപോലെ നിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എല്ലാ ദിവസവും പകൽ 12 മണി മുതൽ വൈകുന്നേരം 4 മണി വരെ പാസ് എടുത്ത് പേവാർഡ്, ജനറൽ വാർഡ് എന്നിവിടങ്ങളിൽ രോഗികളെ സന്ദർശിക്കാവുന്നതാണ്. വൈകുന്നേരം 4 മണി മുതൽ 6 മണി വരെ സൗജന്യ സന്ദർശനം അനുവദിച്ചിട്ടുണ്ട്.

**(സി)** രോഗി സന്ദർശനത്തിന് നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

**<u>മറുപടി:</u>** എല്ലാ ദിവസവും പകൽ 12 മണി മുതൽ വൈകുന്നേരം 4 മണി വരെ പാസ് എടുത്ത് പേവാർഡ്, ജനറൽ വാർഡ് എന്നിവിടങ്ങളിൽ രോഗികളെ സന്ദർശിക്കാവുന്നതാണ്. വൈകുന്നേരം 4 മണി മുതൽ 6 മണി വരെ സൗജന്യ സന്ദർശനം അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**